(ബി) എച്ച്. ആർ. ഡി. യുടെ കുടപ്പനക്കുന്ന് ടെക്നിക്കൽ ഹയർ സെക്കന്ററി സ്ക്കൂളിനുവേണ്ടി മുട്ടട എൽ. പി. എസ്. കോമ്പൗണ്ടിൽ സ്വന്തമായി ഒരു ഇരുനില മന്ദിരം പണിതുവരുന്നു.

(സി) യും (ഡി) യും

പ്രസ്തുത ഭൂമികൾ ഐ. എച്ച്. ആർ. ഡി.-യ്ക്ക് വിട്ടുകൊടുക്കുന്ന കാര്യം പരിശോധിച്ചിട്ടില്ല.

ചാരുംമൂട് എ. ഇ. ഒ. ഓഫീസ് ആരംഭിക്കുന്നതിന് നടപടി

114 [713] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം, മാവേലിക്കര, പന്തളം എ. ഇ. ഒ. ഓഫീസുകൾ ഡീലിങ്ക് ചെയ്ത് ചാരുംമൂട് എ. ഇ. ഒ. ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ എ. ഇ. ഒ. ഓഫീസ് എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) യും (ബി) യും

ഇതുസംബന്ധിച്ച് ഗവൺമെന്റിൽ ലഭിച്ച ഒരു നിവേദനം പരിശോധിച്ചു വരുന്നു. തീരുമാനമെടുത്തിട്ടില്ല.

പത്താം ക്ലാസ് ഐ. റ്റി. പ്രാക്ടിക്കൽ പരീക്ഷയ്ക്ക് സ്വകാര്യ കമ്പനി തയ്യാറാക്കിയ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനെതിരെയുള്ള പരാതി

115 [714] ശ്രീ. കെ. സുധാകരൻ :
„ ടി. എൻ. പ്രതാപൻ:
„ വി. ഡി. സതീശൻ:
„ പ്രതാപ വർമ്മ തമ്പാൻ:
„ എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ക്ലാസ്സിലെ ഐ. റ്റി. പ്രാക്ടിക്കൽ പരീക്ഷയ്ക്കുവേണ്ടി സ്വകാര്യ കമ്പനി തയ്യാറാക്കിയ സോഫ്റ്റ്വെയറിനെക്കുറിച്ച് ഉയർന്ന പരാതികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത സോഫ്റ്റ്വെയർ ഉപയോഗയോഗ്യമാണോ എന്ന് ആരെല്ലാം പരിശോധിച്ചു ;

(സി) പരിശോധന നടത്തിയവരുടെ ഉപദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരാതികൾ താഴെ പറയുന്നവയാണ് :

(1) സ്വകാര്യ കമ്പനിയാണ് ചോദ്യങ്ങൾ തയ്യാറാക്കിയത്.
(2) മൈക്രോസോഫ്റ്റിന്റെ വിൻഡോസിൽ മാത്രമേ ഇത് പ്രവർത്തിക്കുകയുള്ളൂ.
(3) ഇത് ഉപയോഗിക്കാനായി സ്കൂളിൽ ഇപ്പോഴുള്ള എല്ലാ കമ്പ്യൂട്ടറുകളും മാറ്റേണ്ടിവരും.
(4) തെറ്റായ രീതിയിൽ ഫലം ലഭിക്കുന്നു.

(ബി) എൻ. ഐ. സി. യുടെ സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസറുടെ നേതൃത്വത്തിൽ സർക്കാർ നിയോഗിച്ചിരുന്ന വിദഗ്ധ സമിതിയുടെ അംഗീകാരം ഈ സോഫ്റ്റ്വെയറിന് ലഭിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ സ്റ്റാൻഡർഡൈസേഷൻ ടെസ്റ്റിംഗ് ആന്റ് ക്വാളിറ്റി കൺട്രോൾ (STQC) ലാബിന്റെ പരിശോധനയും നടത്തിയിട്ടുണ്ട്.

(സി) എസ്. എസ്. എൽ. സി. മോഡൽ പരീക്ഷയ്ക്കും പൊതുപരീക്ഷയ്ക്കും ഈ സോഫ്റ്റ്വെയർ ഉപയോഗിക്കാവുന്നതാണ് എന്നാണ് പരിശോധന നടത്തിയ വിദഗ്ധ സമിതി ഉപദേശം നൽകിയത്.

എസ്. എസ്. എൽ. സി. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾ യഥാസമയത്ത് നൽകാൻ നടപടി

116 [715] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരീക്ഷാ ഭവനിൽ എസ്. എസ്. എൽ. സി. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾ യഥാസമയത്ത് ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർട്ടിഫിക്കറ്റുകൾ കിട്ടുന്നതിനുവേണ്ടി വർഷങ്ങളുടെ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇപ്പോൾ ഓരോ ജില്ലയിൽ നിന്നും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനുള്ള എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് അപേക്ഷിച്ചാൽ ഒരു മാസത്തിനുള്ളിൽ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ യഥാസമയം ലഭിക്കാത്ത കേസ്സുകളിൽ കൂടുതൽ കാലതാമസം ഉണ്ടാകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly